## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 336 | 23/08/2017-ൽ മറുപടിയ്ക്ക്

## സഹകരണ മേഖല നടത്തുന്ന ഇടപെടലുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഐ.ബി. സതീഷ്<br>ശ്രീ.ഇ.പി.ജയരാജൻ<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.യു. ആർ. പ്രദീപ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തിന്റെ അടിസ്ഥാന വികസന മേഖലകളായ കൃഷി, പരമ്പരാഗത വ്യവസായം തുടങ്ങിയവയുടെ വികസനത്തിനായും സാധാരണക്കാരായ ജനങ്ങളെ ബ്ലേഡ് പലിശക്കാരിൽ നിന്നും സംരക്ഷിക്കുന്നതിനായും സഹകരണ മേഖല നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും രണ്ട് ഹെക്ടർ വരെ കൃഷിഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർ എടുക്കുന്ന ഹ്രസ്വകാല കാർഷിക വിള വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പൂർണ്ണമായ പലിശ സബ്സിഡി അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ കൃത്യമായി വായ്പാ തുക തിരിച്ചടയ്ക്കുന്ന നെൽകർഷകർക്ക് പലിശരഹിത വായ്പ നൽകുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്. സഹകരണ സ്ഥാപനങ്ങളിൽനിന്നും നൽകുന്ന പരമ്പരാഗത വ്യവസായം ഉൾപ്പെടെയുള്ള എല്ലാ വ്യവസായ വായ്പകളുടെയും പരിധി ഉയർത്തിയിട്ടുണ്ട്. സ്വകാര്യ പണമിടപാടുകാരുടെ ചൂഷണത്തിൽ നിന്നും സാധാരണക്കാരെ വിമുക്തമാക്കുന്നതിന് വായ്പ വിതരണ മാനദണ്ഡങ്ങളും വ്യവസ്ഥകളും ഉദാരമാക്കുകയും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ ദിവസക്കൂലിക്കാരായ തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ എന്നിവർക്ക് ഉദാരമായ വ്യവസ്ഥയിൽ വായ്പ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയും സഹകരണ സംഘങ്ങളുടെ പ്രവർത്തന സമയം ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബ്ലേഡ് പലിശക്കാരിൽ നിന്നും സാമാന്യ ജനങ്ങളെ രക്ഷിക്കുന്നതിന് കുടുംബശ്രീയുമായി ചേർന്ന് ഒരു പ്രത്യേക പദ്ധതിക്ക് രൂപ കല്പന നൽകുന്ന |

| | | |
|---|---|---|
| | | കാര്യം പ്രാരംഭ ദശയിലാണ്. കുടുംബശ്രീ, സോഷ്യൽ വെൽഫെയർ ഡയറക്ടർമാരുമായി ഇതു സംബന്ധിച്ച് സെക്രട്ടറി തലത്തിൽ യോഗം ചേരുകയുണ്ടായി. |
| (ബി) | **നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് ഈ പ്രവർത്തനത്തിൽ എത്രമാത്രം പ്രയോജനപ്രദമാകുമെന്ന് അറിയിക്കാമോ;** | (ബി) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെ സംയോജനം മുഖേന രൂപീകരിക്കുന്ന നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് നിലവിൽ വരുമ്പോൾ ആവർത്തിത/ഇരട്ടിപ്പിന്റെ സ്വഭാവമുള്ള പല ചാർജ്ജുകളും ഒഴിവാക്കുകയോ, കുറയ്ക്കുകയോ ചെയ്യാൻ കഴിയും. ഇതു മുഖേന പലിശ നിരക്കിൽ ഗണ്യമായ കുറവ് വരികയും വായ്പക്കാരുടെ പലിശബാധ്യത കുറയ്ക്കാനും കഴിയും. പലിശ കുറഞ്ഞ വായ്പയുടെ ലഭ്യത മുഖേന കാർഷിക, പരമ്പരാഗത, സ്വയം തൊഴിൽ മേഖലകളിൽ ഒരു സാമ്പത്തിക ചാലക ശക്തിയായി പ്രവർത്തിക്കാൻ പര്യാപ്തമാകും. സ്വകാര്യ പണമിടപാടുകാരുടെ പിടിയിൽനിന്നും പാവപ്പെട്ടവരെ ഒരു പരിധിവരെ രക്ഷിക്കുവാനും പ്രാദേശിക വികസനം ഉറപ്പാക്കാനും കഴിയും. |
| (സി) | **കേരള സഹകരണ ബാങ്കുമായി ബന്ധിപ്പിച്ച് പ്രാഥമിക സഹകരണ സംഘങ്ങളുടെ സേവന വിപുലീകരണം ലക്ഷ്യമാക്കുന്നുണ്ടോ; വിശദാംശം നൽകുമോ?** | (സി) പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾക്ക് നേരിട്ട് ചെയ്യാൻ കഴിയാത്ത പ്രവർത്തികൾ കേരള സഹകരണ ബാങ്കിന്റെ ഏജന്റ് എന്ന നിലയിൽ നിർവ്വഹിക്കാൻ കഴിയുന്ന സംവിധാനം ഉണ്ടാക്കാൻ കഴിയും. നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന്റെ സോഫ്റ്റ്‌വെയർ സംവിധാനങ്ങൾക്കനുസൃതമായി പ്രവർത്തിക്കത്തക്കവിധം പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങളുടെ സോഫ്റ്റ്‌വെയർ പരിഷ്കരിക്കുന്നതിനും ലക്ഷ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ